# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **405** | **29.11.2018** - ൽ മറുപടിക്ക് |

### പെട്രോളിയം ഉത്പന്നങ്ങളുടെ വിലക്കയറ്റം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുൽ ഹമീദ് പി. : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | പെട്രോളിയം ഉത്പന്നങ്ങൾക്ക് തുടർച്ചയായുണ്ടാകുന്ന വിലക്കയറ്റം ജനജീവിതത്തെ ദുസ്സഹമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ടി ഉത്പന്നങ്ങളുടെ വിലയിന്മേലുള്ള ആനുപാതിക നികുതി വർദ്ധനവ് രീതി ഒഴിവാക്കി സ്ഥിര നികുതി രീതി ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ടി ഉല്പന്നങ്ങളുടെ വിലയിന്മേലുള്ള ആനുപാതിക നികുതി വർദ്ധനവ് രീതി ഒഴിവാക്കി സ്ഥിര നികുതി രീതി ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം നിലവിൽ പരിഗണനയിലില്ല. പെട്രോളിയം ഉൽപന്നങ്ങൾ കേരള പൊതുവിൽപന നികുതി നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ സംസ്ഥാനത്തിനുള്ളിലെ ആദ്യ വിൽപനഘട്ടത്തിലാണ് നികുതി ചുമത്തുന്നത്. പെട്രോളിയം ഉൽപന്നങ്ങളുടെ ഇടയ്ക്കിടെയുള്ള വിലവർദ്ധനവിലെ ആഘാതം കുറയ്ക്കുന്നതിനായി 31.05.2018-ൽ സർക്കാർ വിജ്ഞാപനം S.R.O. No. 345/2018 പ്രകാരം നികുതി നിരക്കിൽ കുറവ് വരുത്തുകയുണ്ടായി. |
| (സി) | പെട്രോളിയം ഉത്പന്നങ്ങളെ ജി.എസ്.ടി യിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന | (സി) | കേരള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഒരു ഗണ്യമായ പങ്ക് പെട്രോളിയം ഉത്പന്നങ്ങളായ |

| | | | |
|---|---|---|---|
| | സർക്കാർ എതിർക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ? | | പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നും ലഭിക്കുന്നതാണ്. നിലവിൽ പെട്രോളിന് 30.08%-ഉം ഡീസലിന് **22.76%-ഉം നികുതിയാണ് ഉള്ളത്. ഈ ഉത്പന്നങ്ങളുടെ നികുതിനിരക്കിലോ നികുതി ഘടനയിലോ ഉണ്ടാകുന്ന ഏതു** വ്യതിയാനവും സർക്കാരിന്റെ നികുതി വരുമാനത്തിൽ സാരമായ വ്യത്യാസം വരുത്തുന്നതാണ്. ജി.എസ്.ടി. നിയമത്തിൽ ചുമത്താവുന്ന ഏറ്റവും **ഉയർന്ന നികുതിനിരക്ക് 28% ആണ്. ഇവ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ** സംസ്ഥാന വിഹിതമായ 14% മാത്രമേ സംസ്ഥാന സർക്കാരിന് ലഭിക്കുകയുള്ളൂ. പെട്രോളിയം ഉൽപന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ഉണ്ടാകുന്ന നികുതി നഷ്ടത്തിന് ഉചിതമായ നഷ്ടപരിഹാരം, ജി.എസ്.ടി. **കോമ്പൻസേഷൻ നിയമത്തിൽ ഉൾപ്പെടുത്തിയാൽ ഈ വിഷയം ചർച്ച** ചെയ്യാമെന്നാണ് സർക്കാർ നിലപാട്. |

**സെക്ഷൻ ഓഫീസർ**